22ND IFFK
DECEMBER 8 — 15, 2017
THIRUVANANTHAPURAM
INTERNATIONAL FILM FESTIVAL OF KERALA

MEDIA CELL **PRESS RELEASE** MEDIA CELL

5 ഡിസംബർ 2017

**പത്രക്കുറിപ്പ് 3**

# ഡെലിഗേറ്റ് പാസുകളുടെ വിതരണം നാളെ മുതൽ

രാജ്യാന്തര ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് പാസുകളുടെ വിതരണം നാളെ (6.12.17) ആരംഭിക്കും. രാവിലെ 11 മണി മുതൽ ടാഗോർ തിയറ്ററിൽ നിന്ന് പാസുകൾ ലഭിക്കും. രജിസ്റ്റർ ചെയ്തവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡുമായി വന്ന് ഡെലിഗേറ്റ് പാസുകൾ വാങ്ങാം. മാധ്യമപ്രവർത്തകർക്കുള്ള പാസുകൾ വ്യാഴാഴ്ച മുതലാണ് വിതരണം ചെയ്യുന്നത്.

മുഖ്യവേദിയായ ടാഗോറിൽ ഡെലിഗേറ്റ് സെല്ലിന്റെ ഉദ്ഘാടനവും നാളെ നടക്കും. പാസ് വിതരണത്തിനായി വിപുലമായ സൗകര്യങ്ങളാണ് ടാഗോറിൽ ഒരുക്കിയിരിക്കുന്നത്. അന്വേഷണങ്ങൾക്കും സാങ്കേതികസഹായത്തിനും പ്രത്യേക കൗണ്ടർ സജ്ജീകരിച്ചിട്ടുണ്ട്. ആകെ 14 കൗണ്ടറുകളാണ് ഉള്ളത്. പാസ് വാങ്ങാനായി ഡെലിഗേറ്റുകൾക്ക് ദീർഘനേരം ക്യൂ നിൽക്കേണ്ട അവസ്ഥ ഒഴിവാക്കാനാണ് കൂടുതൽ കൗണ്ടറുകൾ സജ്ജീകരിക്കുന്നത്. അംഗപരിമിതർക്കായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൗണ്ടറുകൾ രാവിലെ 11 മുതൽ രാത്രി 7 മണി വരെ പ്രവർത്തിക്കും. ഇത്തവണ 11000 പാസ്സുകളാണ് വിതരണം ചെയ്യുക.

*Organised by* Kerala State Chalachitra Academy
on behalf of Dept. of Cultural Affairs, Govt. of Kerala

Mob : 8547976353, 9544917693
email:mediacell@iffk.in